പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1801

16.06.2014 ൽ മറുപടിക്ക്

മനുഷ്യാവകാശ സംരക്ഷണത്തിനായി തുടങ്ങിയ പുതിയ സംരംഭങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആഭ്യന്തരവകുപ്പ് മനുഷ്യാവകാശ സംരക്ഷണത്തിനായി തുടങ്ങിയ പുതിയ സംരംഭങ്ങൾ എത്രയെണ്ണം ; അവ ഏതെ ല്ലാം; വ്യക്തമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മനുഷ്യാവകാശ സംരക്ഷണത്തിനായി മുതിർന്ന പൗരന്മാർക്കായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രത്യേകം ഹെൽപ് ഡെസ്കുകളും 17 പോലീസ് ജില്ലകളിൽ സീനിയർ സിറ്റിസൺ സർവ്വീസ് ബ്യൂറോകളും ആരംഭിച്ചിട്ടുണ്ട്. ബീറ്റ് ഡ്യൂട്ടി ശക്തിപ്പെടുത്തുന്നതിനായി ഇലക്ട്രോണിക് ബീറ്റ് സമ്പ്രദായം 7 ജില്ലകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആൻഡ് പോലീസ് അസിസ്റ്റൻസ് സ്കീമിന്റെ ഭാഗമായി 50 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് സഹായക കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പ്രൊജക്ട് (കമ്മ്യൂണിറ്റി പോലീസിംഗ്) 248 പോലീസ് സ്റ്റേഷനുകളിൽ നടപ്പിൽ വരുത്തുകയും ഇവയെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. 'ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവേർനസ്സ്' പദ്ധതിയുടെ ഭാഗമായി 350 പോലീസ് സ്റ്റേഷനുകളിൽ വുമൺ ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ 'ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി എനേബിൾഡ് ഹെൽപ് ഡെസ്കുകൾ ' മുഖേന കേരളത്തിലെ ഏതു പോലീസ് സ്റ്റേഷനിലേക്കും ഉള്ള പരാതികൾ ഏറ്റവും അടുത്തുള്ള ഒരു പോലീസ് സ്റ്റേഷൻ മുഖാന്തിരം നൽകുന്നതിന് കഴിയും. പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനായി ഫ്രണ്ട്സ് ജനസേവനകേന്ദ്രം വഴി പരാതി നൽകുന്ന സംവിധാനവും നടപ്പിൽ വരുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷക്കായി മുഖ്യമന്ത്രിയുടെ ഹെൽപ് ലൈൻകോഡ് 181 ഉപയോഗിക്കുന്നതിനുള്ള അനുമതി പോലീസ് വകുപ്പിന് നൽകിയിട്ടുണ്ട്. പോലീസ് സംബന്ധമായി വിവരങ്ങളും നിജസ്ഥിതിയും പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായി പ്രധാന കേന്ദ്രങ്ങളിൽ 'ടച്ച് സ്ക്രീൻ കിയോസ്കുകൾ' സ്ഥാപിച്ചിട്ടുണ്ട് വൃദ്ധജനങ്ങൾക്കും വികലാംഗർക്കുമായി പുതിയ പരാതി സ്വീകരണ നടപടി ആരംഭിച്ചിട്ടുണ്ട്. വൃദ്ധജനങ്ങൾക്കും വികലാംഗകർക്കും അവരുടെ പരാതി നൽകാൻ |

പോലീസ് സ്റ്റേഷനിൽ വരേണ്ട ആവശ്യമില്ല. പരാതി ഫോൺ മുഖേനയോ ഇമെയിൽ മുഖേനയോ അയക്കാവുന്നതാണ്. പോലീസ് ഉദ്യോഗസ്ഥർ വീട്ടുകളിൽ ചെന്ന് പരാതിക്കാസ്പദമായ സ്റ്റേറ്റ്മെന്റ് [illegible] തുടർ നടപടി വിവരങ്ങൾ ഫോൺ മുഖേനയും ഇമെയിൽ മുഖേനയും പരാതിക്കാരനെ അറിയിക്കുന്നതുമാണ്.

സെക്ഷൻഓഫീസർ